# കാസിനോ കൾച്ചറൽ ഓഡിറ്റോറിയം ലിമിറ്റഡ്

CIN: U70101KL1983PLC003726
രജിസ്ട്രേഡ് ഓഫീസ്: കാസിനോ കോംപ്ലക്സ്, ടി.ബി. റോഡ്, കൊക്കാലെ, തൃശ്ശൂർ, കേരള – 680021
ഫോൺ: **+91 99472 63222**, ഇ-മെയിൽ: **casinotcr@yahoo.co.in**
വെബ്സൈറ്റ്: **www.casinoculturalauditoriumlimited.com**

**43–ാമത് വാർഷിക പൊതുയോഗം, വിദൂര ഇ–വോട്ടിംഗ്, ബുക്ക് ക്ലോഷർ എന്നിവയെ കുറിച്ചുള്ള അറിയിപ്പ്**

20.08.2026 തിയ്യതിയിലെ നോട്ടീസ് പ്രകാരമുള്ള നയകാര്യ നടപടികൾ നടപ്പിലാക്കുന്നതിനായി കമ്പനി ഓഹരിയുടമകളുടെ 43–ാം മത് വാർഷികപൊതുയോഗം (AGM) **2026 സെപ്തംമ്പർ 29–ാം തിയ്യതി ചൊവ്വാഴ്ച ഉച്ചക്ക് 4.00 മണിക്ക്** കാസിനോ കോംപ്ലക്സ്, ടി.ബി. റോഡ്, കൊക്കാലെ, തൃശ്ശൂർ, കേരളം – 680021 എന്ന വിലാസത്തിലുള്ള കാസിനോ കൾച്ചറൽ സെൻററിൽ വെച്ച് നടത്തപ്പെടുന്നതാണെന്ന് ഇതിനാൽ അറിയിപ്പ് നൽകുന്നു. 2025–26 ലെ വാർഷിക റിപ്പോർട്ടിന്റെ ഇലക്ട്രോണിക് പകർപ്പും ഹാജർ സ്ലിപ്പും പ്രോക്സി ഫോറമും സഹിതം വാർഷിക പൊതുയോഗ അറിയിപ്പ് കമ്പനി/ ഡെപ്പോസിറ്ററി പാർട്ടിസിപ്പൻ്റിന്റെ പക്കലോ കമ്പനിയുടെ രജിസ്ട്രാർ & ട്രാൻസ്ഫർ ഏജന്റായ (ആർടിഎ) ലിങ്ക് ഇൻടൈം ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ പക്കലോ ഇമെയിൽ വിലാസം രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അംഗങ്ങൾക്കും അയച്ചിട്ടുണ്ട്. 2025–26 ലെ വാർഷിക റിപ്പോർട്ടിന്റെ ഫിസിക്കൽ കോപ്പിയും ഹാജർ സ്ലിപ്പും പ്രോക്സി ഫോറമും സഹിതം എജിഎമ്മിന്റെ അറിയിപ്പും അനുവദനീയമായ രൂപത്തിൽ (രൂപങ്ങളിൽ) ഇമെയിൽ ഐഡികൾ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത അല്ലെങ്കിൽ ഹാർഡ് കോപ്പി അഭ്യർത്ഥിച്ച എല്ലാ അംഗങ്ങൾക്കും രജിസ്റ്റർ ചെയ്ത വിലാസത്തിലേയ്ക്ക് അയച്ചിട്ടുണ്ട്. വാർഷിക റിപ്പോർട്ടിന്റെ പകർപ്പ്, വാർഷിക പൊതുയോഗ അറിയിപ്പ്, ഹാജർ സ്ലിപ്പ്, പ്രോക്സി ഫോറം എന്നിവ കമ്പനിയുടെ വെബ്സൈറ്റായ www.casinocultural auditoriumlimited.com–ലും ലഭ്യമാണ്. വാർഷിക റിപ്പോർട്ട് ലഭിക്കാത്ത അംഗങ്ങൾക്ക് കമ്പനിയുടെ വെബ്സൈറ്റിൽ നിന്ന് അത് ഡൗൺലോഡ് ചെയ്യാം അല്ലെങ്കിൽ മുകളിൽ സൂചിപ്പിച്ച ഇമെയിൽ ഐഡിയിലോ കമ്പനിയുടെ രജിസ്റ്റർ ചെയ്ത ഓഫീസ് വിലാസത്തിലോ കമ്പനിയുടെ ചെയർമാനോട് എഴുതി അതിന്റെ പകർപ്പിനായി അഭ്യർത്ഥിക്കാം. പ്രസ്തുത വാർഷിക പൊതുയോഗത്തിൽ ഇടപാട് നടത്തേണ്ട ബിസിനസ്സ് ഇനങ്ങളെ സംബന്ധിച്ച രേഖകൾ കമ്പനിയുടെ രജിസ്ട്രേഡ് ഓഫീസിൽ എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെയും കമ്പനിയുടെ വാർഷിക പൊതുയോഗം അവസാനിക്കുന്നതുവരെയും ലഭ്യമാണ്. ഇലക്ട്രോണിക് മാർഗ്ഗങ്ങളിലൂടെ തങ്ങളുടെ അംഗങ്ങൾക്ക് അവരുടെ വോട്ടവകാശം വിനിയോഗിക്കുന്നതിനുള്ള സൗകര്യം പ്രദാനം ചെയ്യുന്നതിൽ കമ്പനി സന്തുഷ്ടരാണ്, അതിനെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്നു:

| | | |
|---|---|---|
| A | ഇലക്ട്രോണിക് വോട്ടിംഗിലൂടെ ഇടപാട് നടത്തേണ്ട ബിസിനസിനെക്കുറിച്ചുള്ള പ്രസ്താവന | 20/08/2026 തിയ്യതിയിലെ അറിയിപ്പിൽ സൂചിപ്പിച്ചിരിക്കുന്ന ബിസിനസ്സ് ഇടപാട് ഇലക്ട്രോണിക് വോട്ടിങ്ങിലൂടെ നടത്താം |
| B | വാർഷിക പൊതുയോഗ (എജിഎം) നോട്ടീസ് അയക്കുന്ന പ്രക്രിയ അവസാനിക്കുന്ന തിയ്യതി | 03/09/2026 |
| C | വിദൂര ഇ–വോട്ടിംഗ് ആരംഭിക്കുന്ന തിയ്യതിയും സമയവും | 2026 സെപ്റ്റംബർ 26–ാം തിയ്യതി തിങ്കളാഴ്ച രാവിലെ 9 മണി മുതൽ |
| D | വിദൂര ഇ–വോട്ടിംഗ് അവസാനിക്കുന്ന തിയ്യതിയും സമയവും | 2026 സെപ്റ്റംബർ 28–ാം തിയ്യതി ബുധനാഴ്ച 5 മണി വരെ |
| E | പറഞ്ഞ തിയ്യതിയും സമയവും കഴിഞ്ഞ് വിദൂര ഇ- വോട്ടിംഗ് അനുവദിക്കില്ല. ഒരു പ്രമേയത്തിന്മേലുള്ള വോട്ട് ഒരു അംഗം രേഖപ്പെടുത്തിക്കഴിഞ്ഞാൽ, പിന്നീട് അത് മാറ്റാൻ ആ അംഗത്തെ അനുവദിക്കുന്നതല്ല. | |
| F | വാർഷിക പൊതുയോഗ അറിയിപ്പ്/ വാർഷിക റിപ്പോർട്ടിന്റെ അറിയിപ്പ് പ്രദർശിപ്പിക്കുന്ന കമ്പനിയുടെ/ ഏജൻസിയുടെ വെബ്സൈറ്റ് വിശദാംശങ്ങൾ | **www.casinoculturalauditoriumlimited.com**<br>**www.evotingindia.com** |
| G | ഇലക്ട്രോണിക് വോട്ടിംഗുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് ഉത്തരവാദിത്തപ്പെട്ട വ്യക്തിയുടെ ബന്ധപ്പെടാനുള്ള വിശദാംശങ്ങൾ | ശ്രീ രാകേഷ് ദാൽവി, സീനിയർ മാനേജർ, (സിഡിഎസ്എൽ) സെൻട്രൽ ഡിപ്പോസിറ്ററി സർവീസസ് (ഇന്ത്യ) ലിമിറ്റഡ്, എ വിംഗ്, 25–ാം നില, മാരത്തൺ ഫ്യൂച്ചറെക്സ്, മഫത്‌ലാൽ മിൽ കോമ്പൗണ്ട്, എൻഎം ജോഷി മാർഗ്,ലോവർ പരേൽ (ഈസ്റ്റ്), മുംബൈ – 400013 അല്ലെങ്കിൽ helpdesk.evoting@cdslindia.com ഇമെയിൽ ഐഡിയിലേക്ക് ഇമെയിൽ അയക്കുക. അല്ലെങ്കിൽ 1800 21 09911 എന്ന നമ്പറിൽ വിളിക്കുക. |

22/09/2026 (കട്ട് ഓഫ് തിയ്യതി) പ്രകാരം അംഗം (അംഗങ്ങൾ) കൈവശം വച്ചിരിക്കുന്ന ഇക്വിറ്റി ഓഹരികളുടെ എണ്ണം (ഭൗതീക രൂപത്തിൽ അല്ലെങ്കിൽ ഡീമെറ്റീരിയലൈസ്ഡ് രൂപത്തിൽ) അനുസരിച്ചായിരിക്കും വോട്ടിംഗ്, കട്ട്–ഓഫ് തിയ്യതിയിൽ ഓഹരികൾ കൈവശം വെച്ചിട്ടുള്ള അംഗങ്ങൾക്ക് മാത്രമാണ് ഇലക്ട്രോണിക് വോട്ടിംഗ് അല്ലെങ്കിൽ പൊതുയോഗ വേദിയിൽ (ഭൗതീകമായോ അല്ലെങ്കിൽ വേദിയിലെ ഇ–വോട്ടിംഗ് വഴിയോ) വോട്ട് രേഖപ്പെടുത്തുവാൻ അർഹതയുള്ളത്. എജിഎം അറിയിപ്പ് അയച്ചതിന് ശേഷവും കട്ട്–ഓഫ് തിയ്യതിയായ 22/09/2026 ന് മുമ്പായും ഏതെങ്കിലും വ്യക്തി കമ്പനിയിൽ അംഗമാകുന്ന സാഹചര്യത്തിൽ, വിദൂര ഇ–വോട്ടിംഗിനുള്ള ലോഗിൻ ഐഡിയും പാസ്‌വേർഡും ലഭിക്കുന്നതിനായി helpdesk.evoting@cdslindia.com എന്ന ഇമെയിൽ വഴി സെൻട്രൽ ഡെപ്പോസിറ്ററി സർവീസസ് (ഇന്ത്യ) ലിമിറ്റഡിലേയ്ക്ക് എഴുതി അപേക്ഷിക്കാവുന്നതാണ്. ഒരു വ്യക്തി ഇ–വോട്ടിംഗിനായി സിഡിഎസ്എല്ലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ, അവരുടെ വോട്ട് രേഖപ്പെടുത്തുന്നതിന് നിലവിലുള്ള യൂസർ ഐഡിയും പാസ്‌വേർഡും ഉപയോഗിക്കാം. കട്ട്–ഓഫ് തിയ്യതിയിൽ ഏതെങ്കിലും വ്യക്തി അംഗമല്ലെങ്കിൽ/അംഗമാകുന്നത് അവസാനിപ്പിച്ചെങ്കിൽ, ഈ അറിയിപ്പ് വിവര ആവശ്യങ്ങൾക്ക് മാത്രമായി പരിഗണിക്കേതാണ്. വിദൂര ഇ–വോട്ടിംഗ് വഴി വോട്ട് ചെയ്യാത്ത അംഗങ്ങൾക്ക് വാർഷിക പൊതുയോഗത്തിൽ ഫിസിക്കൽ ബാലറ്റിലൂടെ തങ്ങളുടെ വോട്ടിംഗ് അവകാശം വിനിയോഗിക്കാം. വാർഷിക പൊതുയോഗ വേദിയിൽ വെച്ച് കമ്പനി ഇക്കാര്യത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ നടത്തും. റിമോട്ട് ഇ- വോട്ടിംഗിലൂടെ വോട്ട് ചെയ്യാനുള്ള അവകാശം വിനിയോഗിച്ചതിന് ശേഷവും അംഗങ്ങൾക്ക് വാർഷിക പൊതുയോഗത്തിൽ (എജിഎം) പങ്കെടുക്കാം, എന്നാൽ പൊതുയോഗത്തിൽ വീണ്ടും വോട്ട് ചെയ്യാൻ അവർക്ക് അർഹതയുണ്ടാകില്ല. റിമോട്ട് ഇ–വോട്ട് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ എജിഎമ്മിന്റെ അറിയിപ്പിലും കമ്പനിയുടെയും സിഡിഎസ് എല്ലിന്റെയും വെബ്സൈറ്റിലും ലഭ്യമാണ്. വോട്ടിംഗ് പ്രക്രിയ നീതിപൂർവവും സുതാര്യ വുമായ രീതിയിൽ നടത്തുന്നതിന് സൂക്ഷ്മ നിരീക്ഷകനായി സി.എസ്–പി.ഡി. വിൻസെന്റ്, മാനേജിംഗ് പാർട്ണർ, എസ്.വി.ജെ.എസ് & അസോസിയേറ്റ്സ്, പ്രാക്ടീസിംഗ് കമ്പനി സെക്രട്ടറീസ്, കൊച്ചി, എന്ന വ്യക്തിയെ നിയമിച്ചിട്ടുണ്ട്. 2014–ലെ കമ്പനീസ് (മാനേജ്മെന്റ് ആൻഡ് അഡ്മിനിസ്ട്രേഷൻ റൂൾസിന്റെ റൂൾ 10 പ്രകാരവും കമ്പനി ആക്ട് 2013– ലെ സെക്ഷൻ 91 അനുസരിച്ചും അംഗങ്ങളുടെ രജിസ്റ്ററും ഷെയർ ട്രാൻസ്ഫർ ബുക്കുകളും 23/09/2026 മുതൽ 29/09/2026 വരെ (രണ്ട് ദിവസം ഉൾപ്പെടെ) കമ്പനിയുടെ 43–ാമത് വാർഷിക പൊതുയോഗത്തിന്റെ ആവശ്യത്തിനായി ക്ലോസ് ചെയ്യുന്നതായിരിക്കുമെന്നും ഇതിനാൽ അറിയിക്കുന്നു.

**ചില ഷെയർഹോൾഡർമാർ കമ്പനിക്കും മറ്റ് ഡയറക്ടർമാർക്കും എതിരെ, ബഹുമാനപ്പെട്ട NCLT കൊച്ചി ബെഞ്ച് മുമ്പാകെ, 2013–ലെ കമ്പനി നിയമത്തിലെ സെക്ഷൻ 241, 242, 213 പ്രകാരം ഒരു കേസ് (കേസ് നമ്പർ: KOB/CP/27/2023) ഫയൽ ചെയ്തിട്ടുണ്ട് ( അടിച്ചമർത്തലും ദുരുപയോഗവും). ബഹുമാനപ്പെട്ട NCLT, കൊച്ചി ബെഞ്ചിന്റെ 02/04/2024 ലെ ഇടക്കാല ഉത്തരവ് അനുസരിച്ച്, കൂടുതൽ ഉത്തരവുകൾ ഉണ്ടാകുന്നതുവരെ ഓഹരികളുടെ പുതിയ ഇഷ്യൂവും ഡയറക്ടർ ബോർഡിന്റെ ഘടനയും സംബന്ധിച്ച് ഷെയർഹോൾഡിംഗ് പാറ്റേണിൽ തത്സ്ഥിതി നിലനിർത്താൻ കമ്പനിയോട് നിർദ്ദേശിച്ചു. അതിനാൽ, കമ്പനി നിയമത്തിലെ 2013–ലെ സെക്ഷൻ 152 (6) പ്രകാരം റൊട്ടേഷൻ വഴിയുള്ള വിരമിക്കൽ, ഡയറക്ടർമാരുടെ പുനർനിയമനം, 2013–ലെ കമ്പനി നിയമത്തിലെ 160–ാം വകുപ്പ് പ്രകാരമുള്ള സ്ഥാനാർത്ഥിത്വ അറിയിപ്പ് എന്നിവ ഈ വാർഷിക പൊതുയോഗത്തിൽ പരിഗണിക്കുന്നതല്ല, (കാരണം അത് കമ്പനിയുടെ ഡയറക്ടർ ബോർഡിന്റെ ഘടനയെ ബാധിക്കും).**

**മീറ്റിംഗിൽ പങ്കെടുക്കുന്ന സമയത്ത് അംഗങ്ങളും / പ്രോക്സികളും അവരുടെ ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ കൈവശം വെക്കേണ്ടതാണ് . തിരിച്ചറിയൽ രേഖയ്ക്ക് ഇത് പ്രധാനമാണ്. ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് ഹാജരാക്കുന്നവർക്ക് മാത്രമായിരിക്കും പ്രവേശനം.**

ബോർഡിന്റെ ഉത്തരവ് പ്രകാരം
**കാസിനോ കൾച്ചറൽ ഓഡിറ്റോറിയം ലിമിറ്റഡിനായി**
(Sd/-)
ബാലകൃഷ്ണൻ എരണേഴത്ത് പടിഞ്ഞാറ്റയിൽ കുഞ്ഞിക്കുട്ടൻ
ചെയർമാൻ & ഡയറക്ടർ, DIN: 01541508

**തൃശ്ശൂർ**
03/09/2026